2025-ലെ മദേഴ്സ് ഫോറം ദിനത്തോടനുബന്ധിച്ച്,
കുടുംബങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ
പുറപ്പെടുവിക്കുന്ന സർക്കുലർ

## MCMF ദിനവും വി.മോനിക്കായുടെ ഓർമ്മത്തിരുന്നാളും

വന്ദ്യ കോറെപ്പിസ്കോപ്പമാരെ, റമ്പാൻമാരെ, ബഹു. വൈദികരെ, ശെമ്മാശൻമാരെ, സന്യസ്തരെ, കർത്താവിൽ പ്രിയ വിശ്വാസികളെ,

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അമ്മമാരുടെ കൂട്ടായ്മയായ മദേഴ്സ് ഫോറം (MCMF), അതിന്റെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ മോനിക്കായുടെ തിരുനാളിനോടനുബന്ധിച്ച് സഭാതലത്തിൽ മാതൃദിനം ആയി ഓഗസ്റ്റ് മാസം 24-ന് ആചരിക്കുകയാണല്ലോ. ക്രിസ്തുവിൽ കേന്ദ്രീകൃതമായ വിശ്വാസ ജീവിതത്തിന്റെ കരുത്തുറ്റ സാക്ഷ്യമായി MCMF പ്രവർത്തനങ്ങൾ ഇടവകതലം മുതൽ സഭാതലം വരെ വളരുന്നതിന് സഹായകമായി പ്രവർത്തിച്ച എല്ലാവരെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു. എല്ലാ പ്രിയപ്പെട്ട അമ്മമാർക്കും വിശ്വാസികളേവർക്കും MCMF ദിനത്തിന്റെ ആശംസകളും പ്രാർത്ഥനയും നേരുന്നു. ഓഗസ്റ്റ് 24 ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും വൈദിക ജില്ലകളിലും ഭദ്രാസനങ്ങളിലും MCMF ദിനമായി ആചരിക്കണം എന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കട്ടെ. നമ്മുടെ എല്ലാ MCMF അംഗങ്ങളെയും ഒന്നിച്ചുനിർത്തി സഭയിൽ അമ്മമാരുടെ മഹത്വത്തെക്കുറിച്ച് തിരിച്ചറിഞ്ഞും MCMF വളർച്ചയിൽ എങ്ങനെ പങ്കുചേരാം എന്ന് ആലോചിച്ചും യുക്തമായി കർമ്മപരിപാടികൾ ആസൂത്രണം ചെയ്യണം. അതുപോലെ, വിശുദ്ധ മോനിക്കായുടെ ജീവിതമാതൃക അമ്മമാരുടെ ജീവിതത്തിൽ സ്വാംശീകരിക്കുവാനും പ്രായോഗികമാക്കുവാനും സഹായകകരമായ കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും വേണം.

“എന്നെ ഈ ലോകത്തിലേക്ക് കൊണ്ടുവരുവാൻ എന്റെ അമ്മ ഒരു പ്രാവശ്യമേ പ്രസവവേദന അനുഭവിച്ചിട്ടുള്ളൂ. എന്നാൽ, എനിക്ക്

നിത്യജീവൻ തരാൻ കഠിനവേദന ദീർഘനാൾ അവൾ അനുഭവിക്കേണ്ടി വന്നു." മാനസാന്തരപ്പെട്ടതിനുശേഷമുള്ള വിശുദ്ധ അഗസ്റ്റിന്റെ ഈ വാക്കുകളിലുണ്ട് മോനിക്ക പുണ്യവതിയുടെ സഹനവും കണ്ണുനീരും. പാപത്തിന്റെ പടുകുഴിയിലായിരുന്ന അഗസ്റ്റിനെ, വിശുദ്ധ അഗസ്റ്റിനാക്കി മാറ്റിയത് പുണ്യവതിയുടെ ത്യാഗം നിറഞ്ഞ ജീവിതമായിരുന്നു. ദ്രോഹിക്കുന്നവരോട് ക്ഷമിച്ച് അവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കാൻ കഴിയുന്നത് മനുഷ്യ ജീവിതത്തിൽ അത്ര എളുപ്പമല്ല. നരകതുല്യമായ ചുറ്റുപാടിലും, തന്റെ മകന്റെ ദുർനടത്തം വഴിയുള്ള സഹനം ക്ലേശപൂർണമാകുമ്പോഴും അവരുടെയെല്ലാം സ്വർഗ്ഗപ്രവേശനം ഉറപ്പാക്കും വരെ നിരന്തരം പ്രാർത്ഥനയിലൂടെ യാത്ര ചെയ്ത് വിശുദ്ധ മോനിക്ക അമ്മമാർക്ക് മാത്രമല്ല എല്ലാവർക്കും ഒരു ഉദാത്ത മാതൃകയാണ്. അവളുടെ നിശ്ചയദാർഢ്യം അതിനാൽ വളരെ പ്രശംസനീയമാണ്. തിന്മകളിൽ നിന്ന് തിന്മകളിലേക്ക് തന്റെ മകൻ യാത്ര ചെയ്യുന്നതും സത്യവിശ്വാസത്തിന് എതിരായി പ്രചാരണം നടത്തുന്നതും നേരിൽ കണ്ട ആ അമ്മ കണ്ണീരൊഴിയാത്ത പതിനേഴു വർഷം സാന്നിധ്യം കൊണ്ടും അതിനു സാധിക്കാത്തപ്പോൾ മനസ്സുകൊണ്ടും അവനെ ആ അമ്മ പിന്തുടർന്നു കൊണ്ടിരുന്നു. ഈ ഭൂമിയിലെ വാസവും ശരീരവും ഒന്നുമല്ല, നിത്യജീവനാണ് പ്രധാനമെന്നും നിലനിൽക്കുന്നതെന്നും വിശുദ്ധക്ക് നന്നായി അറിയാമായിരുന്നു. ഒടുവിൽ തന്റെ മകന്റെ മാനസാന്തരം കാണാൻ ഭാഗ്യം ഉണ്ടായപ്പോൾ 'ഇനി എന്താണ് എനിക്ക് ഇവിടെ ചെയ്യാനുള്ളത്' എന്നായിരുന്നു മോനിക്ക പുണ്യവതിയുടെ ചോദ്യം. അനുദിനം മുടങ്ങാതെ ദിവ്യബലിയിൽ സംബന്ധിച്ചിരുന്ന വിശുദ്ധക്ക് യേശുവിന്റെ തിരുരക്തത്തിന്റെ വില അറിയാമായിരുന്നു.

'ഭാഗ്യപ്പെട്ടവളായ അമ്മ' എന്ന് വിശുദ്ധയെ നാം ഇന്ന് വിളിക്കുമ്പോഴും വളരെയധികം കഷ്ടതയനുഭവിച്ച ഒരു അമ്മയായിരുന്നു വി. മോനിക്ക. ദൈനംദിന ജീവിതത്തിൽ അമ്മമാർ ഏറ്റെടുക്കുന്ന പ്രതിസന്ധികൾ നിസ്സാരങ്ങൾ അല്ല. കുടുംബജീവിതം ആരംഭിക്കുന്നത് മുതൽ മരണക്കിടക്കവരെ യാത്ര വളരെ ക്ലേശപൂർണമാണ്. നിരന്തരമായ പ്രാർത്ഥനയുടെയും കഠിനാധ്വാനത്തിന്റെയും ഉദാത്തമായ മാതൃകയാണ് വിശുദ്ധ മോനിക്കയുടെ ജീവിതം നമുക്ക് നൽകുന്നത്. പരിശുദ്ധ സഭ അതിനാൽ, അമ്മമാർക്ക് നൽകുന്ന പ്രത്യാശയുടെ മാതൃകയായി മോനിക്ക പുണ്യവതി പരിലസിക്കുന്നു. പതിനേഴു വർഷം വിശുദ്ധ വിശ്വസിച്ചു കാത്തിരുന്നു പ്രാർത്ഥിച്ചു. തന്റെ നിയോഗം പൂർത്തിയായി എന്ന്

വിശ്വസിച്ചു" ഇഹലോകവാസം വെടിഞ്ഞ മോനിക്ക പുണ്യവതി നമ്മോട് പറയുന്നത് ദൈവം ഉത്തരം നൽകുന്ന ആ ദിനം വരെ ക്ഷമയോടെ കാത്തിരുന്ന് പ്രാർത്ഥിക്കുവാനാണ്. ''കർത്താവ് തന്റെ ഹിതം അറിയിക്കുന്നത് വരെ കാത്തിരിക്കുക" എന്ന് സംഖ്യാ പുസ്തകത്തിൽ നാം വായിക്കുന്നു (സംഖ്യ 9: 8 ). "കർത്താവിൽ പ്രത്യാശ അർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യം അവലംബിക്കുവിൻ. കർത്താവിന് വേണ്ടി കാത്തിരിക്കുവിൻ" (സങ്കീർത്തനം 27:14).

വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ കൂനിയായ സ്ത്രീയുടെ സാക്ഷ്യം പതിനേഴു വർഷങ്ങളുടെ കാത്തിരിപ്പിന്റെ ബാക്കിപത്രമാണ്. (ലൂക്കാ 13:11-17) സിനഗോഗിൽ വന്ന ഓരോ ദിവസവും അവൾ പ്രാർത്ഥനയോടെ കാത്തിരുന്നു. എന്നാൽ, ദൈവം അവൾക്കായി സൗഖ്യം കരുതിവെച്ചത് പതിനെട്ടു വർഷങ്ങൾക്ക് ശേഷമാണ്. രോഗാവസ്ഥയിലും അവൾ തന്റെ കാത്തിരിപ്പ് തുടർന്ന് സൗഖ്യം നേടി. മോനിക്ക പുണ്യവതി തന്റെ പതിനേഴ് വർഷങ്ങളിലെ പ്രത്യാശാപൂർവമായ പ്രാർത്ഥനയിലൂടെ നമുക്ക് മാതൃകയായി മാറുന്നു.

വിശുദ്ധ പൗലോസ് ശ്ലീഹാ ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു. "നിങ്ങൾ ക്രിസ്തുവിന്റെ ശിരസ്സും ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1 കൊറി 12:26). ഗാർഹിക സഭയായ കുടുംബമാണ് സാർവ്വത്രിക സഭയുടെ ശക്തിയും ചൈതന്യവും. ആ കുടുംബത്തിന്റെ നെടുംതൂണായിരിക്കുന്ന അമ്മ വഴി കുടുംബത്തിന് ആത്മീയ അനുഭവം നൽകാൻ കഴിയണം. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പറയുന്നു; ഒരു അമ്മയുടെ സാന്നിധ്യം ഒരു സമൂഹത്തിന്റെ അടിസ്ഥാന കോശമായ കുടുംബത്തിന്റെ ഭദ്രതക്കും വളർച്ചയ്ക്കും വിലമതിക്കാനാവാത്തതാണ്. എല്ലാ തരത്തിലും അതിനെ അംഗീകരിക്കുകയും പിന്താങ്ങുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. ഭവനത്തിൽ കുടുംബപ്രാർത്ഥനക്ക് ആരും താല്പര്യം കാണിക്കുന്നില്ലെങ്കിൽപോലും അവിടെ പ്രാർത്ഥനക്ക് നേതൃത്വം നൽകി കുടുംബത്തെ ദൈവസന്നിധിയിലേക്കുയർത്താൻ നമ്മുടെ അമ്മമാർ പരിശ്രമിക്കണം. വിശ്വാസം കൈമോശം വരാത്ത ഒരു പുതിയ തലമുറയെ ക്രിസ്തുവിന്റെ സാക്ഷ്യസമൂഹമാക്കി മാറ്റുവാൻ അമ്മമാരുടെ പരിശ്രമം ഈ കാലഘട്ടത്തിൽ അനിവാര്യമാണ്.

വചന വർഷത്തിന്റെ ചൈതന്യം നമ്മുടെ കുടുംബങ്ങളിൽ നിറയുവാൻ അമ്മമാർ ചെയ്തുവരുന്ന എല്ലാ ശുശ്രൂഷകളെയും സ്നേഹപൂർവ്വം അനുസ്മരിക്കുന്നു. വിശുദ്ധ വചനം പഠിച്ചും സമ്പൂർണ്ണ ബൈബിൾ എഴുതിയും

വചനാധിഷ്ഠിത പരിപാടികളിൽ പങ്കെടുത്തും വ്യക്തിപരമായും ഇടവക തലങ്ങളിലും ഈ വർഷം ചെലവഴിച്ചു. ദൈവവചനം നിഷ്ഠയോടെ വായിക്കുകയും ജീവിക്കുകയും ചെയ്യുന്ന കുടുംബങ്ങൾക്ക് അമ്മമാർ പ്രത്യേക നേതൃത്വം നൽകണം. തിരുവചന വെളിച്ചത്തിൽ നമ്മുടെ കുടുംബങ്ങളെ നമുക്ക് വിശുദ്ധീകരിക്കാം. 2024-ൽ പാറശ്ശാലയിൽ നടന്ന പുനരൈക്യ ആഘോഷങ്ങളിൽ MCMF നൽകിയ നേതൃത്വം സന്തോഷത്തോടെ സ്മരിക്കുന്നു. അതുപോലെ, പ്രഥമ സഭാതല ദിനാചരണം 'ജനനി 2024' തിരുവല്ല അതിഭദ്രാസനത്തിൽ വച്ച് പ്രോജ്ജ്വലമായി നടത്തപ്പെട്ടു. ആതിഥേയത്വമരുളിയ തിരുവല്ല അതിഭദ്രാസന MCMF ഭാരവാഹികളെയും ഡയറക്ടർ അച്ചനെയും അനുമോദിക്കുന്നു.

ഈ വരുന്ന ഓഗസ്റ്റ് 28-ന് നടക്കുന്ന ആഗോള MCMF ദിനാഘോഷം, 'ജനനി 2025'-ന് വേദിയൊരുക്കുന്നത് ബത്തേരി ഭദ്രാസനമാണ്. ഭദ്രാസനാധ്യക്ഷനും ഭദ്രാസന MCMF ഭാരവാഹികൾക്കും ഹൃദയപൂർവ്വം ആശംസകൾ അറിയിക്കുന്നു. കഴിഞ്ഞ രണ്ടു വർഷമായി വിവിധ തലങ്ങളിൽ MCMF-ന് നേതൃത്വം നൽകിയവരെയെല്ലാം അഭിനന്ദിക്കുന്നു. ഈ വർഷാവസാനം തെരഞ്ഞെടുപ്പിന്റെ സമയമാണല്ലോ. ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഒക്ടോബർ മാസം യൂണിറ്റ് തലം തുടങ്ങി സഭാതലം വരെ ക്രമീകരിക്കുന്നതാണ്. ഏവർക്കും ഒരിക്കൽ കൂടെ MCMF ദിനത്തിന്റെയും വി. മോനിക്കായുടെ തിരുനാളിന്റെയും എല്ലാ പ്രാർത്ഥനകളും സർവ്വ നന്മകളും നേർന്നുകൊണ്ട്,

എന്ന്,

കർത്താവിൽ സ്നേഹപൂർവം,

+ Mar Theodosius.

**✠ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലിത്താ**
കുടുംബങ്ങൾക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ

10.08.2025
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

N.B. ഈ സർക്കുലർ വരുന്ന ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കുകയോ ഉള്ളടക്കം വിശ്വാസികളെ അറിയിക്കുകയോ ചെയ്യേതാണ്.